©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2025 നവംബർ 05<br>05th November 2025<br>1201 തുലാം 19<br>19th Thulam 1201<br>1947 കാർത്തികം 14<br>14th Karthika 1947 | നമ്പർ<br>No. | 3929 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:63/2025/സം.തി.ക തീയതി, തിരുവനന്തപുരം, 2025 നവംബർ 05.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 153-ാം വകുപ്പ് (3)-ാം ഉപവകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച് 03.05.2025-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 24/2025/ത.സ്വ.ഭ.വ. പ്രകാരം ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള 2025-ലെ പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്കായി സംസ്ഥാനത്തെ 14 ജില്ലാപഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളിൽ 7 എണ്ണം സ്ത്രീകൾക്കും 1 എണ്ണം പട്ടികജാതിക്കും സർക്കാർ സംവരണം ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153 (4) (എഫ്) വകുപ്പിനുള്ള ഒന്നാം ക്ലിപ്ത നിബന്ധന പ്രകാരം പ്രസിഡന്റിന്റെ ഔദ്യോഗിക സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യാൻ അർഹതയുള്ള പഞ്ചായത്തും പട്ടികജാതിക്കോ പട്ടികവർഗ്ഗത്തിനോ സംവരണം ചെയ്യേണ്ട പഞ്ചായത്തും ഒന്നു തന്നെയാണെങ്കിൽ, അതതു സംഗതിപോലെ, അപ്രകാരം പ്രസിഡന്റിന്റെ ഔദ്യോഗിക സ്ഥാനം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംവരണം ചെയ്യുന്നതിൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവർക്ക് മുൻഗണന നൽകേണ്ടതും പകരം ക്രമമനുസരിച്ച് തൊട്ടടുത്ത്, സ്ത്രീകളുടെ ഏറ്റവും കൂടുതൽ ജനസംഖ്യാ ശതമാനമുള്ള പഞ്ചായത്തിലെ പ്രസിഡന്റിന്റെ ഔദ്യോഗിക സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

കൂടാതെ പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ പ്രസിഡന്റിന്റെ ഔദ്യോഗിക സ്ഥാനം സംവരണം ചെയ്യപ്പെടുന്ന പഞ്ചായത്തുകളിൽ, സ്ത്രീകളുടെ ജനസംഖ്യാ ശതമാനം കൂടുതൽ ഉള്ളവ ക്രമമനുസരിച്ച് അവരിലെ സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ടതാണ് എന്ന് രണ്ടാം ക്ലിപ്ത നിബന്ധനയിലും പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ അവരിലെ സ്ത്രീകൾക്കോ ഏതെങ്കിലും പഞ്ചായത്തിൽ പ്രസിഡന്റിന്റെ ഔദ്യോഗിക സ്ഥാനം സംവരണം ചെയ്യുന്നത്, ആ പഞ്ചായത്തിൽ ആ വിഭാഗത്തിന് ഒരു നിയോജക മണ്ഡലമെങ്കിലും സംവരണം ചെയ്തിട്ടുണ്ടെങ്കിൽ മാത്രമായിരിക്കേണ്ടതാണ് എന്ന് മൂന്നാം ക്ലിപ്ത നിബന്ധനയിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആയതിനാൽ സർക്കാർ സംവരണം ചെയ്ത സ്ഥാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153 (4) (ഡി) വകുപ്പ് പ്രകാരം 2025-ലെ പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, പട്ടികയിലെ നാലാം കോളത്തിൽ കാണിച്ചിരിക്കുന്ന ജില്ലാ പഞ്ചായത്തുകളുടെ പ്രസിഡന്റ് സ്ഥാനങ്ങൾ അവയ്ക്കു നേരെ പട്ടികയിലെ അഞ്ചാം കോളത്തിൽ കാണിക്കുന്ന പ്രകാരം പട്ടികജാതി, സ്ത്രീ എന്നീ വിഭാഗങ്ങൾക്കായി സംവരണം ചെയ്ത് ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**<u>പട്ടിക</u>**

| ക്രമ നമ്പർ | ജില്ല | ഡി. നമ്പർ | ജില്ലാ പഞ്ചായത്തിന്റെ പേര് | സംവരണ വിഭാഗം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ഡി 01 | തിരുവനന്തപുരം | സ്ത്രീ |
| 2 | കൊല്ലം | ഡി 02 | കൊല്ലം | സ്ത്രീ |
| 3 | പത്തനംതിട്ട | ഡി 03 | പത്തനംതിട്ട | സ്ത്രീ |
| 4 | ഇടുക്കി | ഡി 06 | ഇടുക്കി | സ്ത്രീ |
| 5 | എറണാകുളം | ഡി 07 | എറണാകുളം | പട്ടിക ജാതി |
| 6 | തൃശ്ശൂർ | ഡി 08 | തൃശ്ശൂർ | സ്ത്രീ |
| 7 | കോഴിക്കോട് | ഡി 11 | കോഴിക്കോട് | സ്ത്രീ |
| 8 | വയനാട് | ഡി 12 | വയനാട് | സ്ത്രീ |

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

**എ.ഷാജഹാൻ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.05 05:41:59 +05:30